ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:26.08.2025**

## പ്രധാനവാർത്തകൾ

1. ഗുജറാത്തിലെ വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി തുടക്കം കുറിച്ചു
2. ന്യൂനപക്ഷ സമൂഹത്തിന്റെ സമഗ്ര വികസനത്തിനായി കേന്ദ്ര പദ്ധതികൾ ഫലപ്രദമായി നടപ്പാക്കണമെന്ന് കേന്ദ്രസഹമന്ത്രി ജോർജ്ജ് കുര്യൻ
3. മലയാള മനസ്സിൽ പൂവിളിയുടെ ഓർമകളുമായി ഇന്ന് അത്തം. ഇത്തവണ അത്തം 11 ന് തിരുവോണം. വിസ്മയകാഴ്ചകൾ ഒരുക്കി തൃപ്പൂണിത്തുറയിൽ അത്തച്ചമയ ഘോഷയാത്ര.
4. സംസ്ഥാനത്ത് കൺസ്യൂമർഫെഡ് ഓണച്ചന്തകൾക്ക് ഇന്ന് തുടക്കമാകും. മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.
5. കോമൺവെൽത്ത് ഭാരോദ്വഹന മത്സരത്തിൽ ഇന്ത്യൻ താരം മീരാഭായ് ചാനുവിന് സ്വർണ്ണം. കെ സി എല്ലിൽ ഇന്ന് തിരുവനന്തപുരത്ത് രണ്ട് മത്സരങ്ങൾ.

&&&&&&&&&&&&&&&&&&

പ്രധാനമന്ത്രി-ഗുജറാത്ത്-ഇന്ന്

RNU TVPM

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഗുജറാത്ത് സന്ദർശനം തുടരുന്നു. അഹമ്മദാബാദിലെ ഹൻസൽപൂരിൽ ഹൈബ്രിഡ് ബാറ്ററി ഇലക്ട്രോഡുകളുടെ പ്രാദേശിക ഉത്പാദനത്തിൻറെ ഉദ്ഘാടനം പ്രധാനമന്ത്രി നിർവ്വഹിച്ചു. സുസുക്കിയുടെ വൈദ്യുത വാഹന കയറ്റുമതി അദ്ദേഹം ഫ്ലാഗ്-ഓഫ് ചെയ്തു. യൂറോപ്പ്, ജപ്പാൻ അടക്കമുള്ള 100 രാജ്യങ്ങളിലെ പ്രധാന വിപണികളാണ് കമ്പനി ലക്ഷ്യമിടുന്നത്. 1,400 കോടി രൂപയുടെ റെയിൽവേ പദ്ധതികളും പ്രധാനമന്ത്രി രാഷ്ട്രത്തിന് സമർപ്പിക്കും.

&&&&&&&&&&&&&&&&&&

**ജോർജ്ജ് കുര്യൻ**

ന്യൂനപക്ഷ സമൂഹത്തിന്റെ സമഗ്ര വികസനത്തിനായുള്ള കേന്ദ്ര പദ്ധതികൾ എല്ലാ ഏജൻസികളും ഫലപ്രദമായി നടപ്പാക്കണമെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ആഹ്വാനം ചെയ്തു. ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപറേഷന്റെ കൊച്ചിയിൽ ഇന്ന് നടന്ന ദക്ഷിണ മേഖലാ അവലോകന യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. വികസിത ഭാരതം സംബന്ധിച്ച പ്രധാനമന്ത്രിയുടെ കാഴ്ചപ്പാടുകൾക്ക് അനുസൃതമാണ് ഈ പദ്ധതികളെന്നും മന്ത്രി ചൂണ്ടിക്കാട്ടി. കേരളം, തമിഴ്നാട്, കർണാടക എന്നിവിടങ്ങളിൽ നിന്നുള്ള

RIJUTVPM

നിർവ്വഹണ ഏജൻസികളാണ് യോഗത്തിൽ പങ്കെടുക്കുന്നത്.

&&&&&&&&&&&&&&&&&&

**ഓണക്കിറ്റ്**

സംസ്ഥാന സർക്കാരിൻറെ സൗജന്യ ഓണക്കിറ്റ് വിതരണത്തിൻറെ ഉദ്ഘാടനം മന്ത്രി ജി.ആർ.അനിൽ ഇന്ന് തിരുവനന്തപുരത്ത് നിർവഹിക്കും. എ.എ.വൈ റേഷൻ കാർഡ് ഉടമകൾക്കും ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കുമാണ് കിറ്റ് നൽകുന്നത്. പഞ്ചസാര, വെളിച്ചെണ്ണ, ഉപ്പ് ഉൾപ്പെടെ 14 ഇനം അവശ്യ വസ്തുക്കൾ അടങ്ങിയതാണ് ഓണക്കിറ്റ്.

&&&&&&&&&&&&&&&&&&

**അത്തം -ഇൻട്രോ**

പൊന്നോണത്തിൻറെ വരവറിയിച്ച് തൃപ്പൂണിത്തുറ അത്തച്ചമയ ആഘോഷങ്ങൾക്ക് തുടക്കമായി. വലിയ ജനാവലിയെ സാക്ഷിയാക്കി മന്ത്രി പി രാജീവ് അത്തപ്പതാക ഉയർത്തി. മലയാളികളുടെ ജനകീയ ആഘോഷമാണ് ഓണമെന്ന് ചടങ്ങുകൾ ഉദ്ഘാടനം ചെയ്ത മന്ത്രി എംബി രാജേഷ് പറഞ്ഞു.

(ബൈറ്റ് )

RIJU TVPM

നടൻ ജയറാം ഘോഷയാത്ര ഫ്ളാഗ് ഓഫ് ചെയ്തു. ജാതി മത വ്യത്യാസങ്ങളില്ലാത്ത ഓണാഘോഷം കേരളം ലോകത്തിനു മുന്നിൽ വയ്ക്കുന്ന മാതൃകയാണെന്ന് ശ്രീ ജയറാം പറഞ്ഞു. ഘോഷയാത്ര കണക്കിലെടുത്ത് തൃപ്പൂണിത്തുറയിൽ രാവിലെ എട്ട് മണി മുതൽ വൈകിട്ട് മൂന്നു മണി വരെ ഗതാഗത നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ആനയും അമ്പാരിയും നിശ്ചല ദൃശ്യങ്ങളും നിരക്കുന്ന വർണശഭളമായ കാഴ്ചകൾക്കാണ് നഗരം സാക്ഷിയാകുന്നത്.

&&&&&&&&&&&&&&&&&&

**പുലികളി മഹോത്സവം**

ശക്തന്റെ തട്ടകം ഓണാഘോഷത്തിരക്കിലേക്ക്. പുലികളി മഹോത്സവതിന് കൊടി ഉയർന്നത്തോടെ തൃശൂർ ജില്ലയിലെ ഓണാഘോഷങ്ങൾ ആരംഭിച്ചു. തേക്കിൻക്കാട് മൈതാനിയിൽ കിഴക്കേ ഗോപുര നടയിൽ പൂ പന്തലുകൾ ഉയർന്നു. പൂ വിപണി സജീവമായി. പുലിക്കളി മഹോത്സവത്തിന്റെ കോടിയേറ്റ് മേയർ എംകെ വർഗീസ് നിർവഹിച്ചു. ഇക്കുറി 9 പുലികളി സംഘങ്ങളാണ് നഗരം വിറപ്പിക്കാൻ ഇറങ്ങുക. തൃശൂർ കോർപറേഷൻ നാലോണനാളിൽ നടത്തിവരുന്ന പുലികളി മഹോത്സവം സെപ്റ്റംബർ 8നാണ്.

&&&&&&&&&&&&&&&&&&

RIJUTVPM

**ബോണസ് -ഓണം**

ഓണം പ്രമാണിച്ച് സംസ്ഥാന സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കുമുള്ള ബോണസ് 500 രൂപ വർദ്ധിപ്പിച്ചു. ഇത്തവണ 4,500 രൂപ ബോണസ് ലഭിക്കും.

ബോണസിന് അർഹത ഇല്ലാത്തവർക്കുള്ള പ്രത്യേക ഉത്സവബത്ത 2,750 രൂപയിൽ നിന്നും 3,000 രൂപയായി ഉയർത്തിയതായി ധനമന്ത്രി കെ.എൻ.ബാലഗോപാൽ അറിയിച്ചു. സർവീസ് പെൻഷൻകാരുടെ പ്രത്യേക ഉത്സവബത്ത 250 രൂപ വർദ്ധിപ്പിച്ച്, 1,250 രൂപയാക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

**ആലപ്പുഴ - പുഷ്പോൽസവം**

ആലപ്പുഴ കഞ്ഞിക്കുഴിയിൽ തിരുവോണം വരെ നീളുന്ന കഞ്ഞിക്കുഴി പുഷ്പോൽസവം തുടങ്ങി. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി.രാജേശ്വരി ഉദ്ഘാടനം ചെയ്തു. വ്യത്യസ്ത നിറങ്ങളിലുള്ള പൂക്കളുടെ പ്രദർശനവും വിൽപ്പനയും ഒരുക്കിയിട്ടുണ്ട്. റീൽസ് ചിത്രീകരിക്കുവാനും ഫോട്ടോഷൂട്ടിനും സെൽഫി പോയിൻറും സജ്ജമാക്കിയിട്ടുണ്ട്. ഇതോടനുബന്ധിച്ച് ഭക്ഷ്യമേളയും പായസ മേളയും കലാപരിപാടികളും ഉണ്ടാകും.

&&&&&&&&&&&&&&&&&&

RIJUTVPM

## ഓണത്തിന് ഒരു മുറം പച്ചക്കറി

സംസ്ഥാനത്ത് സമഗ്ര പച്ചക്കറി ഉൽപ്പാദന യജ്ഞം പദ്ധതിയുടെ ഭാഗമായി കൃഷി വകുപ്പ് നടപ്പിലാക്കുന്ന ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയുടെ വിളവെടുപ്പ് നാളെ നടക്കും. സെക്രട്ടേറിയറ്റ് വളപ്പിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കൃഷിമന്ത്രി പി. പ്രസാദ് അധ്യക്ഷനാകുന്ന ചടങ്ങിൽ മറ്റ് മന്ത്രിമാരും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പങ്കെടുക്കും. ഓണക്കാലത്ത് വീട്ടുവളപ്പിൽ തന്നെ വിഷരഹിത പച്ചക്കറി ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനാണ് ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി നടപ്പിലാക്കി വരുന്നത്.

RNU TVPM

&&&&&&&&&&&&&&&&&&

## കൺസ്യൂമർ ഫെഡ്-ഓണം

സംസ്ഥാനത്തെ കൺസ്യൂമർഫെഡ് ഓണച്ചന്തകൾക്ക് ഇന്ന് തുടക്കമാകും. മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് തിരുവനന്തപുരത്ത് ഉദ്ഘാടനം നിർവ്വഹിക്കും. സെപ്റ്റംബർ നാലു വരെ ജില്ലാതലത്തിൽ കൺസ്യൂമർ ഫെഡ് 170 കേന്ദ്രങ്ങളിലാണ് ഓണച്ചന്തകൾ സംഘടിപ്പിക്കുന്നത്. 13 നിത്യോപയോഗ സാധനങ്ങൾ വിലക്കിഴിവിൽ ഓണച്ചന്തകളിൽ ലഭ്യമാക്കും.

&&&&&&&&&&&&&&&&&&

## ഇന്ത്യൻ നേവി-ഉദയഗിരി

ഇന്ത്യൻ നാവിക സേനയുടെ ഉദയ്ഗിരി, ഹിമഗിരി യുദ്ധകപ്പലുകളുടെ കമ്മീഷനിങ് ഇന്ന് വിശാഖപട്ടണത്ത് നടക്കും. ചടങ്ങിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ് അധ്യക്ഷത വഹിക്കും. വ്യത്യസ്ത കപ്പൽ നിർമാണശാലകളിൽ നിർമിച്ച യുദ്ധകപ്പലുകൾ ഒരേ സമയം കമ്മീഷൻ ചെയ്യുന്നത് ഇതാദ്യമായിട്ടാണ്. സെൻസർ സംവിധാനങ്ങൾ, രൂപകൽപന, ആയുധങ്ങൾ വഹിക്കാനുള്ള ശേഷി തുടങ്ങിയവ കണക്കിലെടുക്കുമ്പോൾ രണ്ട് യുദ്ധകപ്പലുകളും മികവ് പുലർത്തുന്നതായി പ്രതിരോധ മന്ത്രാലയം അറിയിച്ചു. ഉദയഗിരി മുംബൈയിലും ഹിമഗിരി കൊൽക്കത്തയിലുമാണ് നിർമിച്ചത്.

&&&&&&&&&&&&&&&&&&

**എൻസിസി**

എൻസിസി കേരളാ ലക്ഷദ്വീപ് ഡയറക്ടറേറ്റിന്റെ നാവിക വിഭാഗം സംഘടിപ്പിക്കുന്ന തുഴച്ചിൽ യാത്ര പുന്നമട കായലിലെത്തി. യാത്രയ്ക്കിടെ വിവിധ കേന്ദ്രങ്ങളിൽ ഇറങ്ങുന്ന കേഡറ്റുകൾ ദേശീയ പ്രാധാന്യമുള്ള വിഷയങ്ങളിൽ ബോധവൽക്കരണവുമായുള്ള കലാ പരിപാടികളും നടത്തുന്നുണ്ട്. ശാസ്താംകോട്ട, പുന്നമട, വേമ്പനാടു കായലുകളിലൂടെയാണ് എൻസിസി കാഡറ്റുകളുടെ യാത്ര.

&&&&&&&&&&&&&&&&&&

RNU TVPM

## അടൽ പെൻഷൻ യോജന

അടൽ പെൻഷൻ യോജനയിൽ അംഗങ്ങളുടെ എണ്ണം 8.11 കോടി കടന്നു. ഈ മാസം 21 വരെയുള്ള കണക്കാണിത്. 2024-25 സാമ്പത്തിക വർഷത്തിൽ 1.17 കോടിയിലധികം പേരാണ് ഈ പദ്ധതിയിൽ പുതിയതായി അംഗങ്ങളായത്. ആകെ അംഗങ്ങളിൽ 55 ശതമാനം പേർ സ്ത്രീകളാണ്.

&&&&&&&&&&&&&&&&&&

## തൊഴിലുറപ്പ്

ഗ്രാമീണ, നഗര തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾക്ക് സംസ്ഥാന സർക്കാരിന്റെ ഓണസമ്മാനം 200 രൂപ വർധിപ്പിച്ചു. ഇത്തവണ 1200 രൂപവീതം ഓണസമ്മാനം ലഭിക്കുമെന്ന് ധനമന്ത്രി കെ എൻ ബാലഗോപാൽ അറിയിച്ചു. 5 ലക്ഷത്തി 25,991 തൊഴിലാളികൾക്കാണ് ഈ ആനുകൂല്യം ലഭിക്കുന്നത്.

&&&&&&&&&&&&&&&&&&

## ദേശീയ പെൻഷൻ -ഇൻട്രോ

പുതിയ ഏകീകൃത പെൻഷൻ പദ്ധതി തിരഞ്ഞെടുക്കുന്ന കേന്ദ്ര സർക്കാർ ജീവനക്കാർക്കു വിരമിക്കലിന് ഒരു വർഷം മുൻപു വരെ ദേശീയ പെൻഷൻ പദ്ധതിയിലേക്ക്

RNU TVPM

മടങ്ങാൻ അവസരം . ഇതു സംബന്ധിച്ച ഉത്തരവ് കേന്ദ്രസർക്കാർ പുറത്തിറക്കി.

വിശദാംശങ്ങളിലേക്ക്.............

*(വോയിസ്)*

&&&&&&&&&&&&&&&&&&

**ദേശീയ പെൻഷൻ -വോയിസ്**

ഒറ്റത്തവണ മാത്രമാണ് ദേശീയ പെൻഷൻ പദ്ധതിയിലേക്ക് മടങ്ങാൻ അവസരം ലഭിക്കുക. ഒരിക്കൽ മാറിയാൽ പിന്നീടു തിരിച്ചു വരാൻ കഴിയില്ല. സ്വയം വിരമിക്കൽ തെരഞ്ഞെടുക്കുന്നവർ മൂന്ന് മാസം മുൻപ് ഓപ്ഷൻ നൽകണം. ജോലിയിൽ നിന്ന് പിരിച്ചു വിടപ്പെടുന്നവർക്കും നിർബന്ധിത വിരമിക്കലിനു വിധേയരാക്കുന്നവർക്കും ഓപ്ഷൻ മാറ്റാനാവില്ല. യുപിഎസിലുള്ള വ്യക്തി എൻപിഎസിലേക്കു മാറിയാൽ പ്രതിമാസം നിശ്ചിത തുകയെന്ന പരിരക്ഷ നഷ്ടമാകും. എൻപിഎസ് ചട്ടമനുസരിച്ചായിരിക്കും തുടർന്നുള്ള പെൻഷൻ. യുപിഎസിനു മാത്രമായ കേന്ദ്രത്തിൻറെ അധികവിഹിതമായ നാല് ശതമാനം എക്സിറ്റ് ഘട്ടത്തിൽ വ്യക്തിയുടെ എൻപിഎസ് സമ്പാദ്യത്തിലേക്കു മാറ്റും. പുതിയ ഭേദഗതിയോടെ വിരമിക്കൽ സമയത്തെ സാഹചര്യം പരിഗണിച്ച് ജീവനക്കാർക്ക് ഉചിതമായ തീരുമാനമെടുക്കാനാകും. യുപിഎസിലേക്ക്

RNUTVPM

അപേക്ഷിക്കാനുള്ള അവസാന തീയതി സെപ്റ്റംബർ 30 ആണ്.
ന്യൂസ് ഡസ്ക് ആകാശവാണി........

&&&&&&&&&&&&&&&&&&

## അമീബിക് മസ്തിഷ്ക ജ്വരം

കോഴിക്കോട് ജില്ലയിൽ അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ചികിൽസയിലുള്ള മൂന്ന് മാസം പ്രായമുള്ള കുട്ടിയുടെ ആരോഗ്യ നിലയിൽ മാറ്റമില്ല. കുട്ടി തീവ്രപരിചരണ വിഭാഗത്തിൽ തുടരുകയാണ്. അതേ സമയം ചികിൽസയിലുളള എഴ് വയസ്സുകാരൻറെയും 11 കാരിയുടെയും ആരോഗ്യ നില തൃപ്തികരമാണ്. നിലവിൽ മലപ്പുറം സ്വദേശികളായ 3 പേരും കോഴിക്കോട് സ്വദേശികളായ 3 പേരും വയനാട് സ്വദേശികളായ രണ്ട് പേരുമാണ് ചികിൽസയിലുള്ളത്..

RNU TVPM

&&&&&&&&&&&&&&&&&&

## ഫാക്ട് ചെക്ക് -പിഐബി

21,000 രൂപ നിക്ഷേപിക്കുന്നത് വഴി 12 ലക്ഷം റിട്ടേൺ ലഭിക്കുമെന്ന വാഗ്ദാനവുമായി കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻറേതെന്ന പേരിലുള്ള വീഡിയൊ വ്യാജമാണെന്ന് പി ഐ ബി ഫാക്ട് ചെക്ക്. ഇത്തരത്തിൽ ഒരു പദ്ധതി നടപ്പാക്കിയിട്ടില്ലെന്നും പി ഐ ബി അറിയിച്ചു.

തെറ്റായ വിവരങ്ങളിൽ നിന്ന് ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചു.

&&&&&&&&&&&&&&&&&&

## ഗവൺമെൻറ് കമ്മിറ്റി

സർദാർ വല്ലഭായ് പട്ടേലിന്റെയും ഗോത്ര നേതാവ് ബിർസ മുണ്ടയുടെയും 150-ാം ജന്മവാർഷികവും മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്‌പേയിയുടെ ജന്മശതാബ്ദിയും ആഘോഷിക്കുന്നതിനായി കേന്ദ്ര സർക്കാർ മൂന്ന് ഉന്നതതല സമിതികൾ രൂപീകരിച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിയായിരിക്കും മൂന്ന് സമിതികളുടെയും അധ്യക്ഷൻ. രാജ്യത്തുടനീളം വിവിധ പദ്ധതികൾ, പരിപാടികൾ, അനുസ്മരണ ചടങ്ങുകൾ എന്നിവ സംഘടിപ്പിക്കാൻ സമിതി നേതൃത്വം നൽകും.

RNUTVPM

&&&&&&&&&&&&&&&&&&

## ഭാരോദ്വഹന

അഹമ്മദാബാദിൽ നടക്കുന്ന കോമൺവെൽത്ത് ഭാരോദ്വഹന മത്സരത്തിൽ ഇന്ത്യൻ താരം മീരാഭായ് ചാനു സ്വർണ്ണ മെഡൽ നേടി. ടോക്കിയോ ഒളിമ്പിക്സ് വെള്ളി മെഡൽ ജേതാവായ ചാനു സ്നാച്ച്, ക്ലീൻ ആൻഡ് ജെർക്ക്, ടോട്ടൽ എന്നിവയിൽ ആകെ 193 കിലോഗ്രാം ഉയർത്തിയാണ് പുതിയ കോമൺവെൽത്ത്

റെക്കോർഡ് സ്ഥാപിച്ചത്. ഈ വിജയത്തോടെ 2026 ലെ ഗ്ലാസ്ഗോ കോമൺവെൽത്ത് ഗെയിംസിലേക്കുള്ള യോഗ്യതയും മീരാഭായ് ചാനു ഉറപ്പാക്കി.

&&&&&&&&&&&&&&&&&&

**കെ സി എൽ**

കേരള ക്രിക്കറ്റ് ലീഗിൽ ഇന്ന് രണ്ട് മത്സരങ്ങൾ. ഉച്ചയ്ക്ക് 2.30 ന് നടക്കുന്ന ആദ്യ മത്സരത്തിൽ കൊച്ചി ബ്ലൂ ടൈഗേഴ്സും തൃശൂർ ടൈറ്റൻസും ഏറ്റുമുട്ടും. രണ്ടാം മത്സരത്തിൽ വൈകുന്നേരം 6.45 ന് ആലപ്പി റിപ്പിൾസ് - കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസിനെ നേരിടും.

&&&&&&&&&&&&&&&&&&

**ഖേലോ ഇന്ത്യ**

ഖേലോ ഇന്ത്യ ജലകായിക മേളയ്ക്ക് സമാപനം. ആദ്യ മൂന്ന് സ്ഥാനങ്ങൾ മധ്യപ്രദേശും ഒഡീഷയും കേരളവും നേടി. സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ മേൽനോട്ടത്തിൽ ദാൽ തടാകത്തിലായിരുന്നു കയാക്കിങ്, കനോയിങ്, റോവിങ് എന്നിവയടങ്ങുന്ന ഇനങ്ങളിൽ മത്സരങ്ങൾ നടന്നത്. മൂന്ന് സ്വർണവും ഒരു വെള്ളിയും മൂന്ന് വെങ്കലവുമടക്കം ഏഴ് മെഡലുകളാണ് കേരളം സ്വന്തമാക്കിയത്.

&&&&&&&&&&&&&&&&&&

RNU TVPM

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&

RNU TVPM